## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 407** 06.02.2013-ൽ മറുപടിയ്ക്ക്

# 110 കെ.വി. സബ്സ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ളി നിയോജക മണ്ഡലത്തിലെ കടമ്പഴിപ്പുറത്തും പരിസര പ്രദേശങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ ഇതുപരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;<br><br>(ബി) കടമ്പഴിപ്പുറത്ത് 110 കെ.വി. സബ്സ്റേഷൻ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച 23.05.2012 ലെ 1044/വി.ഐ.പി/ 2012/എം (പി & ടി.വി) നമ്പർ കത്തിന്മേൽ ബഹു. മന്ത്രി ബോർഡിന് നൽകിയ ഉത്തരവിൽ എന്തെല്ലാം മേൽനടപടികൾ വിദ്യുഛക്തി ബോർഡ് സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (എ) & (ബി) കടമ്പഴിപ്പുറത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം കണക്കിലെടുത്ത് ഒരു 33 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ട പദ്ധതി റിപ്പോർട്ട്, ലോഡ് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ, ജി.ടി.എസ്, 11 കെ.വി ലൈനുകളുടെ വിവരം, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ലോഡ്ഫ്ലോ സ്റ്റഡി നടന്നു വരികയാണ്. പഠന റിപ്പോർട്ട് ലഭ്യമായ ശേഷം അനന്തര നടപടികൾ കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.